കേരളാ ആട്ടോമൊബൈൽസിലെ വരവുചെലവ് കണക്കുകൾ

8 [4864] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ആട്ടോമൊബൈൽസിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വരവ്-ചെലവ്, ലാഭം-നഷ്ടം എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഇപ്പോഴത്തെ ക്യാഷ് നീക്കിയിരുപ്പ്, ബാങ്ക് ഡെപ്പോസിറ്റ് ഉൾപ്പെടെ എത്ര രൂപയെന്ന് വെളിപ്പെടുത്തുമോ;

(സി) വിൽക്കുവാൻ തയ്യാറായി സ്റ്റോക്കിലുണ്ടായിരുന്ന വാഹനങ്ങളുടെ എണ്ണം, വിൽക്കുവാൻ ഉണ്ടായിരുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള മെറ്റീരിയൽസിന്റെ ആകെ വില എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 28-7-2003-ലെ കണക്ക്പ്രകാരം 2.25 കോടി രൂപയാണ്.

(സി) 25-7-2003-ലെ കണക്ക്പ്രകാരം 89 ത്രിചക്രവാഹനങ്ങൾ വിൽക്കുവാൻ തയ്യാറായി സ്റ്റോറിൽ ഉണ്ട്. ഇതിന് ഉദ്ദേശം 60 ലക്ഷം രൂപ വില വരും. ഉദ്ദേശം നാലു കോടി രൂപയ്ക്കുള്ള മെറ്റീരിയിൽസും സ്റ്റോക്കുണ്ട്. ആകെ 4.6 കോടി രൂപ വില വരുന്ന മെറ്റീരിയൽസും വാഹനങ്ങളും കമ്പനിയിൽ സ്റ്റോക്കുണ്ട്. കൂടാതെ വിവിധ ഗോഡൗണുകളിലും സി. ആന്റ് എഫിലുമായി 495 ത്രിചക്രവാഹനങ്ങൾ വിൽപ്പനയ്ക്കായുണ്ട്. ഇതിന് ഉദ്ദേശം 337 ലക്ഷം രൂപ വിലവരും.

ത്രീവീലർ ആട്ടോമൊബൈൽസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

9 [4865] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ത്രീ വീലർ ആട്ടോമൊബൈൽസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓരോ വർഷവും ഇവിടെ എത്ര ത്രീവീലറുകൾ നിർമ്മിക്കുന്നുണ്ട്; എത്രയെണ്ണം സംസ്ഥാനത്ത് വിറ്റഴിക്കുന്നു; എത്രയെണ്ണം മറ്റു സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമായി വിറ്റഴിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇവിടെ ഇപ്പോൾ എത്ര സ്ഥിരം തൊഴിലാളികളും താൽക്കാലിക ദിവസക്കൂലിയിനത്തിലെ തൊഴിലാളികളും തൊഴിൽ എടുക്കുന്നു; ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) അഞ്ചു വർഷത്തിൽ കൂടുതലായി താൽക്കാലികമായും ദിവസക്കൂലിയിനത്തിലും പണിയെടുക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

---

†അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എത്ര വർഷമായി താൽക്കാലിക ദിവസക്കൂലിയിനത്തിൽ ഇവിടെ ജോലി ചെയ്തു വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) ഇവരുടെ സേവനം സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) ദിവസക്കൂലി/താൽക്കാലികാടിസ്ഥാനത്തിൽ 5 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്നവരിൽ ഇനി മറ്റുജോലികൾക്ക് അപേക്ഷിക്കാൻ കഴിയാത്ത, പ്രായപരിധി കഴിഞ്ഞവർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) ഇവർക്ക് എപ്പോൾ സ്ഥിരനിയമനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഐ) ഇവരുടെ ദിവസക്കൂലി എത്രയെന്നും അവസാനമായി ഇത് പരിഷ്കരിച്ചത് എപ്പോൾ എന്നും ഇവർക്ക് ദിവസവേതനം കാലോചിതമായി പരിഷ്കരിച്ച് നൽകാൻ എന്തുനടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളാ ആട്ടോമൊബൈൽസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ബി. ഐ. എഫ്. ആർ.-ന്റെ നിർദ്ദേശമനുസരിച്ച് കേരള സർക്കാർ നൽകിയ 286 ലക്ഷം രൂപ ഉൾപ്പെടെ മൊത്തം 379.92 ലക്ഷം രൂപ മൂലധനമായി മാറ്റിയിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്നുവർഷത്തെ ഉൽപ്പാദനത്തിന്റെയും വിൽപ്പനയുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു:

വർഷം	ഉൽപ്പാദനം		വിൽപ്പന	
2000-2001	5676	എണ്ണം	5439	എണ്ണം
2001-2002	6460	,,	6396	,,
2002-2003	6900	,,	6554	,,

ഇതിൽ കേരളത്തിൽ വിറ്റഴിച്ചത്:	2000-2001	2001-2002	2002-2003
	162	89	64
കേരളത്തിനു വെളിയിൽ വിറ്റഴിച്ചത് :	5277	6307	6484

കൂടാതെ ശ്രീലങ്കയ്ക്ക് 2002-03-ൽ 6 എണ്ണവും വിൽപ്പന നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1-7-2003-ലെ കണക്കനുസരിച്ച് 309 സ്ഥിരം തൊഴിലാളികളും, കോൺട്രാക്ട് അടിസ്ഥാനത്തിൽ 5 പേരും, ദിവസക്കൂലിയിനത്തിൽ 13 പേരും ജോലി ചെയ്യുന്നുണ്ട്. ലിസ്റ്റ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(ഡി) താൽക്കാലികമായി ആരുംതന്നെ കേരളാ ആട്ടോ മൊബൈൽസിൽ പണിയെടുക്കുന്നില്ല. ദിവസക്കൂലിയിനത്തിൽ അഞ്ചുവർഷത്തിൽ കൂടുതലായി പണിയെടുക്കുന്നവരെ ഒഴിവുകൾ ഇല്ലാത്തതിനാൽ സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഇ) താൽക്കാലികാടിസ്ഥാനത്തിലും താൽക്കാലിക ദിവസക്കൂലി ഇനത്തിലും കമ്പനിയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ദിവസക്കൂലിയിനത്തിൽ പണിയെടുക്കുന്ന 13 പേരും പ്രായപരിധി കഴിഞ്ഞവരാണ്.

(എച്ച്) ഒഴിവുകൾ ഇല്ലാത്തതിനാൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഐ) 1-12-2001 മുതൽ ദിവസക്കൂലിയായി 125 രൂപയാണ് ഇവർക്ക് നൽകുന്നത്. ഇപ്പോൾ ഒരു പരിഷ്കരണം ആവശ്യമുള്ളതായി കാണുന്നില്ല.

കേരളാ ആട്ടോമൊബൈൽസിൽ വിൽക്കാതെ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ

10 [4866] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം കേരളാ ആട്ടോമൊബൈൽസിൽ വിൽക്കാതെ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ വിറ്റഴിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വിൽപ്പനയ്ക്ക് തയ്യാറായിട്ടുള്ള എത്ര വാഹനങ്ങൾ സൂക്ഷിക്കുവാനാണ് കേരളാ ആട്ടോമൊബൈൽസിൽ സൗകര്യമുള്ളത്; കൂടുതൽ വാഹനങ്ങൾ നിർമ്മിക്കുമ്പോൾ അവ തുറസ്സായ സ്ഥലത്തിട്ട് തുരുമ്പ് പിടിച്ച് നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇങ്ങനെ തുരുമ്പിടിച്ച് നശിച്ചതുമൂലം കമ്പനിക്ക് എത്ര ലക്ഷം. രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) നിർമ്മാണം പൂർത്തീകരിച്ച വാഹനങ്ങൾ തുറസ്സായ സ്ഥലത്തിട്ട് തുരുമ്പ് പിടിക്കാൻ കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം കമ്പനിയിൽ വാഹനങ്ങൾ വിൽക്കാതെ കെട്ടിക്കിടക്കുന്ന ഒരവസ്ഥ ഉണ്ടായിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly